**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 672** **05-10-2021 - ൽ മറുപടിയ്ക്ക്**

**ഇലക്ട്രിസിറ്റി ബോർഡ് ഓഫീസുകൾക്ക് കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഇലക്ട്രിസിറ്റി ബോർഡിന്റെ ഓഫീസുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായാൽ ബോർഡിൽ നിന്ന് ഫണ്ട് അനുവദിക്കുമോ; വ്യക്തമാക്കാമോ; | (എ) | വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഇലക്ട്രിസിറ്റി ബോർഡിന്റെ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സൗകര്യപ്രദമായ സ്ഥലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ സന്നദ്ധസംഘടനകളോ വ്യക്തികളോ സൗജന്യമായി ലഭ്യമാക്കിയാൽ കെട്ടിടം പണിയുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |
| (ബി) | കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകളുണ്ടോ എന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ അവയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഇലക്ട്രിസിറ്റി ബോർഡിൽ നിന്ന് ഫണ്ട് അനുവദിക്കുമോ; വ്യക്തമാക്കാമോ? | (ബി) | കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ഓച്ചിറ, മണപ്പള്ളി എന്നീ രണ്ട് ഇലക്ട്രിക്കൽ സെക്ഷനുകൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ഈ ഓഫീസുകൾക്ക് സ്വന്തമായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സൗകര്യപ്രദമായ സ്ഥലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ സന്നദ്ധസംഘടനകളോ വ്യക്തികളോ സൗജന്യമായി ലഭ്യമാക്കിയാൽ കെട്ടിടം പണിയുന്ന കാര്യം പരിഗണിക്കാവുന്നതാണ് |

സെക്ഷൻ ഓഫീസർ